ഈ പദ്ധതിക്കുകീഴിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 4.5 കോടിയുടെ വിവിധ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 15/9/15-ലെ 54/2015-16-ാം നമ്പർ എഗ്രിമെന്റ് പ്രകാരം കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുള്ളതുമൂലം പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. പ്രവൃത്തി തുടങ്ങാൻ ആവശ്യമായ സാധനസാമഗ്രികൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) ജനുവരി ആദ്യ വാരത്തോടെ കൃഷി വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓണാട്ടുകര കാർഷികോത്സവം

167 (3372) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര കാർഷികോത്സവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാർഷികോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് നൽകും എന്നുള്ള മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാർഷികോൽസവത്തിന് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാന്റ് നൽകുമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രഖ്യാപിച്ചതായ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

168 (3373) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ ലഭ്യമാകുന്ന പച്ചക്കറികളിൽ നല്ലൊരു ശതമാനം മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്നതും അമിതമായ കീടനാശിനി പ്രയോഗത്താൽ വിഷലിപ്തമായതുമായ സാഹചര്യത്തിൽ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സുരക്ഷിത പച്ചക്കറി കേരള ജനതയ്ക്ക് ലഭ്യമാക്കുന്നതിന് പച്ചക്കറി കൃഷിയുടെ വിസ്തൃതിയും, അവയുടെ ഉല്പാദനവും വർദ്ധിപ്പിക്കുക, പച്ചക്കറിയുടെ ലഭ്യതയും ആവശ്യകതയുമായി സന്തുലനം ചെയ്യൽ, വിത്തു മുതൽ വിപണിവല്ക്കരണം, മൂല്യ വർദ്ധനം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുക, പച്ചക്കറിയുടെ ഉല്പാദനം കൂട്ടി, വിഷവിമുക്തമായ പച്ചക്കറി കൃഷിയിലേക്ക് സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ കൊണ്ടുവരിക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. 2015-16-ൽ 100953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18.17154 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ 2012-13 വർഷത്തിൽ 4400 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 5625 ലക്ഷം രൂപയും, 2014-15 വർഷത്തിൽ 6400 ലക്ഷം രൂപയും 2015-16 വർഷത്തിൽ 6400 ലക്ഷം രൂപയും വിവിധ പദ്ധതികൾക്കായി അനുവദിക്കുകയുണ്ടായി.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ.) ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നൽകിക്കൊണ്ട് 4357.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി വരുന്നു. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 5.64 കോടി രൂപയുടെ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly